# (ദുരിതം) പെയ്തൊഴിയാതെ....

2235.

ചോറുതിന്നാൻ മടികാണിച്ചിരുന്ന
എന്റെ മുന്നിലേയ്ക്ക് അമ്മ ചൂണ്ടി കാണിച്ചു
പേടിപ്പിക്കാറുള്ള വവ്വാലുകൾ പിന്നീട്
മുത്തശ്ശിയുടെ കഥകളിലെ ദുഷ്ടകഥാ
പാത്രങ്ങളായും ഇപ്പോൾ എന്റെ കളി-
ക്കൂട്ടുകാരിയെ മരണത്തിനടുത്തേയ്ക്ക്
എറിഞ്ഞിട്ടുമൊക്കെയായി വീണ്ടും വീണ്ടും
എന്റെ ജീവിതത്തിലേയ്ക്ക് വേണ്ടാതെ
കടന്നുവന്നുകൊണ്ടേയിരിക്കുന്നു....
ഒരു പേടി സ്വപ്നമായി.....

x x x

കുഞ്ഞേച്ചിയ്ക്ക് ഇതുവരെ
വവ്വാലിനെ പേടി വന്നിട്ടില്ല..... വവ്വാല് തിന്ന
പേരയ്ക്കയും, മാങ്ങയുമൊക്കെ കുഞ്ഞേച്ചി
തിന്നും.... അതിനാണ് കൂടുതൽ മധുര
മെന്ന് പറയും..... അവറ്റകളൊക്കെ
പാവങ്ങളാണെന്ന് പറയും.....
പൂച്ചകള് വരണപോലെ
കുഞ്ഞേച്ചി പറമ്പില് കയറി ആരും
കാണാതെ പഴങ്ങള് പറിച്ച് തിന്നും...
നാട്ടിലെല്ലായിടത്തും പനി പേടിച്ച്
വീടിനുള്ളിലിരിക്കുമ്പോൾ... കുഞ്ഞേച്ചി
മാത്രം പുറത്ത്..... ആരാന്റെയൊക്കെ
പറമ്പ് നിരങ്ങി തിന്നോണ്ടങ്ങനെ....

വല്ല്യേട്ടൻ അവധിയ്ക്ക് വരുമ്പോൾ
കിടക്കാറുള്ള മുറി പിന്നീട് അടുത്ത
അവധിവരെ എന്റെ അഭയാലോകമായി-
രിക്കും..... ആ മുറിയ്ക്ക് വല്ല്യേട്ടൻ
കൊണ്ടുവരുന്ന അത്തറിന്റെ മണമു-
ണ്ടാകും..... പറമ്പുകളും മതിലുകളും
കടന്ന് കുഞ്ഞേച്ചി വീടിനടുത്തുകൂടെ
പോകുമ്പോൾ അത്തറിന്റെ മണം
ചേച്ചിയെ വടക്കേ മുറിയുടെ ജനലിന-
ടുത്തേയ്ക്കും.., പിന്നെ അകത്തേയ്ക്കും
പറിച്ചു നടും......

കുഞ്ഞേച്ചിയ്ക്ക് വല്ല്യേട്ടനെ ഇഷ്ട..
തിരിച്ചും.... വല്ല്യേട്ടൻ പോകാൻ നേരമാ-
കുമ്പം തിരക്കിട്ടെഴുതുന്ന കത്തുകൾ
ചേച്ചിയോട് പോലും അമ്മുവാരും ചോദി-
ക്കാതെ കട്ടിലിനടിയിൽ കൊണ്ടേയായി-
ട്ടേം...... വല്ല്യമ്മ ഇല്ലാത്ത... ആരും
ഇല്ലാത്ത ഏതോ രാത്രിയിൽ കുഞ്ഞേച്ചി
മൗനമായി മറുപടി എഴുതുന്നുണ്ടാവും...

ചേച്ചിയ്ക്ക് പനിയാണെന്ന് വല്ല്യമ്മ
പറഞ്ഞപ്പോ താൻ പലവട്ടം നിനച്ച-
താണ് വല്ല്യേട്ടനോടെഴുതണമെന്ന്...
പിന്നെയെന്തോ വേണ്ടാന്ന് തോന്നി.....
ഒന്നും അറിയിക്കേണ്ടാന്ന് തോന്നി....

അമ്മയും വല്യമ്മയും കൂടിയാ കുഞ്ഞേച്ചി-
യെ ആശുപത്രീല് കൊണ്ടോയെ.... തിരിച്ച്
അമ്മ മാത്രം വന്നു.... ആശുത്രീല്
കിടക്കണ കുഞ്ഞേച്ചിയെ കാണാൻ
ആരും പോയില്ല്യ.... തന്നേം കൊണ്ടോ-
യില്ല്യ.....

ഇന്നലെ ഞങ്ങളുടെയും വല്യമ്മയു-
ടേയും പറമ്പ് കുറേ പേര് വന്ന് തിര-
യണ്ണ്ടായിരുന്നു.... ഒന്നും കൊണ്ടോണ
കണ്ടില്ല.... വവ്വാലുകളെയല്ലാതെ....
അവറ്റകളെ എന്തിനാണാവോ
കൊണ്ടോണത്? കുഞ്ഞേച്ചിയുടെ അ-
സാന്നിദ്ധ്യത്തിൽ വവ്വാലുകൾക്ക് പ്രാവു-
കളുടെ സ്ഥാനമായിരുന്നു എന്റെ
മനസ്സിൽ...'പാവം ജീവികൾ.....'

വൈകിട്ട് ടി.വി യിൽ അച്ഛൻ
വാർത്ത വച്ചു. കുഞ്ഞേച്ചിയുണ്ടായിരു-
ന്നെങ്കിൽ ടി.വി ഹിന്ദി സീരിയലിന്റെ
വികിരണങ്ങൾ മാത്രം പുറത്തേയ്ക്കെ-
റിഞ്ഞേനെ.... കുഞ്ഞേച്ചിയ്ക്ക് വേണ്ടി
മാത്രം.... ചില പ്രണയ രംഗങ്ങളിൽ
വല്യേട്ടനു കൂടി വേണ്ടി......

വാർത്താ ചാനലുകളിൽ ചർച്ചകൾ മാത്രം
നിറഞ്ഞു നിന്നു....'നിപ' എന്ന
തലക്കെട്ടോടെ......- വവ്വാലുകളുടെ
ചിറകടികളിലൂന്നിയ വാർത്തകൾ......

"നമസ്കാരം....കേരളം ഇന്നൊരു ആശങ്കയിലാണ്... കാലത്തിന്റെ കുസൃതികൾ ഇന്നൊരു വ്യത്യസ്തമായൊരു തലത്തിലൂടെ സഞ്ചരിക്കുകയാണ്.... കോഴിക്കോട് നിന്നും ഡോ. മഹേഷ് നമ്മോടൊപ്പം ചേരുന്നു...

"അതെ.., കേരളം ആശങ്കപ്പെടേണ്ടത് ഞാൻ ഏറെ ശ്രദ്ധയോടെ വർത്തിക്കേണ്ട കുറച്ചു നാളുകളാണിനി.... ഇപ്പോൾ അവസാനമായി അറിയാൻ കഴിഞ്ഞ വാർത്തയനുസരിച്ച് നിപ വൈറസ് ബാധ തന്നെയാണെന്ന് സ്ഥിരീകരിച്ചിരിക്കുന്നു.... വൈറസ് ബാധയേറ്റ് എട്ടുപേരാണുള്ളത്. അതിൽ അഞ്ചു പേരുടെ നില ഗുരുതരമാണ്... 2 പേർ വിധിയ്ക്ക് കീഴടങ്ങുകയും ചെയ്തിരിക്കുന്നു.... നിപ വൈറസ് മരപ്പെട്ടവരിൽ നിന്ന് പോലും വളരെ വേഗത്തിൽ പടരാനിടയുണ്ടെന്ന സാഹചര്യത്തിൽ മരിച്ചവരുടെ മൃതദേഹങ്ങൾ കാണുന്നതിനോ ബന്ധുക്കൾക്ക് വിട്ടുകൊടുക്കുന്നതിനോ അനുവാദമില്ല. പ്രത്യേക സജ്ജീകരണങ്ങളുടെ സഹായത്തോടെയാണ് ഇവരെ സംസ്കരിക്കാൻ കഴിയുകയുള്ളൂ....

ഈ രോഗത്തിന്റെ ഉൽഭവം ഇതുവരെ വ്യക്തമല്ലെങ്കിലും വവ്വാലുകളാണെന്ന അന്തിമ നിഗമനത്തിലാണ് വൈദ്യശാസ്ത്ര രംഗം ഈ വിഷയത്തെ സമീപിക്കുന്നത്...'

നന്ദി, ഡോ. മഹേഷ്, നമ്മുടെ കൂടെ പ്രകൃതി സംരക്ഷണ കൗൺസിൽ അംഗം വിജയകുമാർ സാർ ചേരുന്നു.....

"രോഗ കാരണം കണ്ടുപിടിയ്ക്കുക, അതിനുശേഷം പ്രതിരോധ, നിർമാർജ്ജന പ്രവർത്തനങ്ങളുടെ ആദ്യ പടിയിലേയ്ക്ക് കടക്കുക എന്നതാണ് ചെയ്യേണ്ടത്.... ഇതിനു [illegible] വവ്വാലുകളെ മുഴുവൻ കൂട്ടത്തോടെ കൊന്നൊടുക്കുന്നത്, നമ്മുടെ ജൈവ-വൈവിധ്യ, ആവാസവ്യവസ്ഥയുടെ തകർച്ചയിലേയ്ക്ക് വഴി നടത്തുന്നു എന്നത് വാസ്തവമല്ലേ..? സ്വതന്ത്രമായ ജീവിതം ഏതൊന്നിന്റെയും അവകാശമല്ലേ..?"

ചർച്ചകളിലേയ്ക്ക് തിരികെ വരാം ചെറിയ ഒരു ഇടവേളയ്ക്ക് ശേഷം...

ആരുമില്ലാത്ത പറമ്പിൽ ഒറ്റയ്ക്കിരി-
യ്ക്കുമ്പോൾ വല്യമ്മയുടെ ഉമ്മറത്തും
അവധിയ്ക്ക് വന്ന ഏട്ടന്റെ വടക്കേ
മുറിയുടെ ജനലിന്റെ അടുത്തും വെറുതെ.....
വെറുതെ ഞാൻ ആരെയോ തിരഞ്ഞു...
കുഞ്ഞേച്ചിയെയോ...? മരണത്തെയോ?
അറിയില്ല...... ഏട്ടന്റെ മുറിയിലെ
അത്തറിന്റെ മണം കുഞ്ഞേച്ചിയോ-
ടൊപ്പം പോയി..... എഴുത്തുകളും...
കത്തുകളും.... എല്ലാം 'മരണം' എന്ന
തലക്കെട്ടോടെ മാനത്തിലൂന്നി
വവ്വാലുകളോടൊപ്പം പറന്നകന്നിരി-
ക്കുന്നു.......

ആ കുഞ്ഞേച്ചിയെ അവസാന-
മായി കാണാൻ പോലും കഴിയാതെ
ഏട്ടൻ നിന്നപ്പോൾ വല്യമ്മയാണ്
സമാധാനിപ്പിച്ചത്.... പക്ഷേ ഏട്ടൻ
കരഞ്ഞിരുന്നില്ല.....

എന്തോ ഒരു ശബ്ദം കേന്ന....
തന്റെ കണ്ണുകളെ മരത്തിന്റെ ചില്ലകളി-
ലേയ്ക്ക് ചൂണ്ടി..... 'വവ്വാൽ...' കുഞ്ഞേ-
ച്ചിയെ വിഴുങ്ങിയ വവ്വാൽ.....

" വീണ്ടും വീണ്ടും എന്റെ ജീവിതത്തിലേയ്ക്ക്
വേണ്ടാതെ കടന്നുവരുന്ന പേടിസ്വപ്നം...

ആകാശത്തിൽ മുഴുവൻ കാർമേഘ-
ങ്ങൾ മൂടി...... ആദ്യത്തുള്ളി എന്റെ
കണ്ണീരായി മണ്ണിൽ വീണു മരിച്ചു....
ഒരു മഹാപ്രളയത്തിന്റെ സൂചന
തന്നുകൊണ്ട് മഴമേഘം...,
പെയ്തു..... ആർത്തു പെയ്തു....
ദുരിതം പെയ്തു.....പിടിച്ചു കെട്ടിയ
കണ്ണീർ ഒട്ടനും ചെയ്തൊഴിച്ചിരിക്കുമോ?
അങ്ങ് ദൂരെ നിന്നും
.കലിതുള്ളി, താണ്ഡവമാടി
പ്രളയ ജലം...... എന്റെ നേർക്ക്......
മുൻപേ ആരോരെന്നോണം
അടുത്ത ഇടത്തെയ്ക്ക് വവ്വാലുകൾ
എല്ലാം കൂട്ടത്തോടെ പറന്നകന്നു....
പ്രളയം...... അത്...... ദുരിതം വിതച്ചു....
കാലത്തിന്റെ വികൃതികൾ ........
ലക്ഷ്യബോധമില്ലാത്ത..., ദിശബോധ
മില്ലാത്ത കോമാളി...... ജീവിതം....!



എന്തോ ലക്ഷ്യം
തേടി പായുന്നതോ....?